പത്രക്കുറിപ്പ്

**3-2-201**

## സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ ജെനറിക് മരുന്നുകൾ:

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കുടുംബശ്രീ ജെൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാൻ സർക്കാർ ഉത്തരവ്

തിരുവനന്തപുരം: സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ ജെനറിക് മരുന്നുകൾ ലഭ്യമാക്കുന്നതിന് സംസ്ഥാന വ്യാപകമായി കുടുംബശ്രീയുടെ ജെൻ ഔഷധി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നു. ഇതു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ ജെൻ ഔഷധി സ്റ്റോറുകൾ നടത്തുന്നതിനുള്ള നിർദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

എല്ലാവർക്കും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് ജെൻ ഔഷധി. സെൻട്രൽ മിനിസ്ട്രി ഓഫ് ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസിനു കീഴിലുള്ള ബ്യൂറോ ഓഫ് ഫാർമ പബ്ളിക് സെക്ടർ അണ്ടർടേക്കിങ്ങ് ഓഫ് ഇൻഡ്യയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ജില്ലാ താലൂക്ക് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ഇതര ആശുപത്രികളിലും ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുകയും ഇതിലൂടെ കുറഞ്ഞ നിരക്കിൽ ജെനറിക് മരുന്നുകൾ ലഭ്യമാക്കുകയുമാണ് ലക്ഷ്യമിടുന്നത്. ഇതു പ്രകാരം 442 ഇനം ജെനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകും. സ്വകാര്യ കമ്പനികൾ നിർമിച്ചു വിപണിയിലിറക്കുന്ന ജെനറിക് മരുന്നുകൾ വലിയ വില കൊടുത്തു വാങ്ങാൻ കഴിയാത്ത സാധാരണക്കാർക്കും നിർധനരായ രോഗികൾക്കും ജെൻ ഔഷധി പദ്ധതി ഏറെ ആശ്വാസകരമാകും.

കുടുംബശ്രീ ശൃംഖലയിലെ വിദ്യാസമ്പന്നരായ വനിതകൾക്ക് വ്യത്യസ്തങ്ങളായ മേഖലകളിൽ തൊഴിൽ അവസരം സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി. പുതിയ ഉത്തരവ് പ്രകാരം ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 120 ചതുരശ്ര അടി വിസ്തീർണമുള്ള കെട്ടിടം ലഭ്യമാക്കുന്നതിനുള്ള ചുമതല അതത് തദ്ദേശ സ്ഥാപനത്തിനാണ്. ജില്ലാ -താലൂക്ക് ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, മറ്റു പ്രധാനപ്പെട്ട ആശുപത്രികൾ, പഞ്ചായത്ത്-നഗരസഭകളുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ളക്സ്, സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ജെൻ ഔഷധി സ്റ്റോറുകൾ ആരംഭിക്കാനാകും.

സർക്കാർ ആശുപത്രികളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളായ ആർ.എസ്.ബി.വൈ, ജെ.എസ്.എസ്.കെ, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം, താലോലം എന്നിവയിൽ ഗുണഭോക്താക്കളായി വരുന്ന രോഗികൾക്കുള്ള സൗജന്യ മരുന്ന്

നീതി-കാരുണ്യ സ്റ്റോറുകളിലൂടെ ലഭ്യമാക്കുന്നുണ്ട്. ഇതോടൊപ്പം കുടുംബശ്രീ ജെൻ ഔഷധി സ്റ്റോറുകളെ കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. കൂടാതെ ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ജെൻ ഔഷധി സ്റ്റോറുകളിൽ നിന്നു മരുന്നു വാങ്ങുന്നതിനുള്ള അവസരമൊരുക്കുന്നതിനായി സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് പ്രത്യേക നിർദേശവും നൽകും.

ലോഗോ സഹിതം പ്രത്യേകമായി രൂപകൽപന ചെയ്ത എല്ലാ ജെൻ ഔഷധി ഡ്രഗ് സ്റ്റോറുകളിലും ഒരു ഫാർമസിസ്റ്റും കമ്പ്യൂട്ടർ ഓപ്പറേറ്ററും ഉണ്ടാകും. സ്റ്റോറുകളുടെ സുഗമമായ പ്രവർത്തനത്തിന് വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുന്നതിനും ഫ്രീസറിൽ കേടു കൂടാതെ സൂക്ഷിക്കേണ്ട മരുന്നിനങ്ങൾ ഉള്ളതിനാൽ വൈദ്യുതി തടസം വരാത്ത രീതിയിൽ ത്രീ ഫേസ് കണക്ഷനും ഉറപ്പു വരുത്തും. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ എന്നിവ ഉൾപ്പെടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഓരോ സ്റ്റോറിനും ഒന്നര ലക്ഷം വീതം ബ്യൂറോ ഓഫ് ഫാർമ സൗജന്യമായി നൽകും. കൂടാതെ ഒരു ലക്ഷം രൂപയുടെ ജെനറിക് മരുന്നുകളും നൽകും. ഈ തുക മരുന്നുകൾ വിറ്റഴിച്ചതിനു ശേഷം നൽകിയാൽ മതിയാകും.

പുതിയ ഉത്തരവിറങ്ങിയതിന്റെ അടിസ്ഥാനത്തിൽ ഇതിനകം വിവിധ സ്ഥലങ്ങളിൽ പഞ്ചായത്ത് സ്ഥലം നൽകി കുടുംബശ്രീ സംരംഭകർ ജെൻ ഔഷധി സ്റ്റോറുകൾ തുടങ്ങാൻ തയ്യാറായി കഴിഞ്ഞു. പഞ്ചായത്തുകൾ കെട്ടിടം ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ സ്ഥലങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കും.

**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**